ഖുത്ബ നമ്പർ

51

21-12-2012

بسم الله الرحمن الرحيم O نحمده ونصلي على رسوله الكريم O وعلى عبده المسيح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز

വിവർത്തനം: എം. നാസിർ അഹ്മദ്, കൊടിയത്തൂർ



# യൂറോപ്യൻ പര്യടനം: യൂറോപ്യൻ പാർലമെന്റിൽ പ്രഭാഷണം

കൃതജ്ഞത രേഖപ്പെടുത്തേണ്ടതിനെക്കുറിച്ച് അഹ്മദിയ്യാ ജമാഅത്തംഗങ്ങളിലുള്ളത്ര ബോധവും അറിവും മറ്റാർക്കും തന്നെയില്ലെന്നും ഉണ്ടാവുകയില്ലെന്നും നമുക്ക് ഉറപ്പിച്ച് പറയാൻ സാധിക്കുന്നതാണ്. കാരണം യഥാർത്ഥത്തിലുള്ള കൃതജ്ഞത എന്നത് അല്ലാഹുവിനുള്ള കൃതജ്ഞതയാണ്. അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയായിരിക്കണം അത്. അല്ലാഹുവിന്റെ ദീനിന്റെ ഉന്നമനത്തിനും മറ്റുള്ളവരിൽ അതിന്റെ പ്രഭാവം ചെലുത്തുന്നതിന്നും വേണ്ടിയായിരിക്കണം. അതു കൊണ്ട് ഏതെങ്കിലും ഒരു ജമാഅത്ത് ഇന്ന് നിസ്വാർത്ഥമായി ഇസ്‌ലാമിന്റെ വിജയത്തിനായി പ്രയത്നിക്കുന്നുവെങ്കിൽ, ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തെ ലോകത്തിന്റെ കോണു കളിലും ജനവിഭാഗങ്ങളിലും വ്യാപിക്കുന്നതിനായി നാനാതരം പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ട് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്ത് ഒന്നുമാത്രമാണ്. ഇത് മറ്റൊരു പ്രസ്ഥാനത്തിലും സംഘടനയിലും നമുക്ക് കാണാൻ സാധ്യമല്ല. മറ്റാരെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനത്തിന്റെയും വിജയത്തിന്റെയും ആയിരത്തിൽ ഒരംശം പോലും നമുക്ക് അവിടെ കാണാൻ സാധിക്കില്ല. അമുസ്‌ലിംകൾ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അവരുടെ ഹൃദയത്തിൽ നിന്ന് നീക്കികളയുന്നുണ്ടെങ്കിൽ, ഞങ്ങളുടെ ഹൃദയം ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണയിൽ നിന്ന് മുക്തമായിരിക്കുന്നുവെന്ന് അവർ പറയുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന്റെ സദസ്സുകളിൽ വന്ന് കൊണ്ട് അവരുടെ ചിന്തകളെ ശുദ്ധീകരിക്കുന്നതു കൊണ്ടാണ്. യഥാർത്ഥ ഇസ്‌ലാമിനെക്കുറിച്ച് അവർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സദസ്സുകളിൽ നിന്നാണ് മനസ്സിലാകുന്നത്. ഇസ്‌ലാമിന്റെ പുനർജീവനത്തെക്കുറിച്ചുള്ള ഏതൊരു പ്രവർത്തനമാണോ ഹ:മസീഹ് മൗഊദ്(അ) തുടങ്ങിവെച്ചിരിക്കുന്നത് അത് ഇന്നും 124 വർഷം പിന്നിട്ടിട്ടും തുടർന്നുവരികയാണ്. തുടർന്നു വരിക മാത്രമല്ല അല്ലാഹുവിന്റെ വാഗ്ദാനങ്ങളും അതോടൊപ്പം സഹായങ്ങളും നാം കാണുകയും ചെയ്യുന്നു. ഈ കാഴ്ചകൾ ആഫ്രിക്കയിലെ വനാന്തരങ്ങളിലൊ നഗരങ്ങളിലൊ ആവാം, അല്ലെങ്കിൽ മരുഭൂമിയിലാകാം, വിദൂര ദ്വീപുകളിലുമാകാം, അറബി നാടുകളിലും ഏഷ്യയിലുമാകാം. അമേരിക്കയിലെയും യൂറോപ്പിലെയും പൊതു ജനങ്ങൾക്ക് ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തെ എത്തിച്ചു കൊണ്ട് ഇസ്‌ലാമിനെക്കുറിച്ചുള്ള സംശയങ്ങളെ ദുരീകരിക്കുന്ന രീതിയിലുമാകാം. ഇവിടെയെല്ലാം അല്ലാഹുവിന്റെ സഹായഹസ്തം നാം കാണുന്നു. യൂറോപ്പിലേയും അമേരിക്കയിലെയും അധികാര മന്ദിരങ്ങളിലാണെങ്കിലും അവിടെ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുമ്പോഴും സഹായം നാം കാണുന്നു.

അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ ഈ മഴ നമ്മെ കൃതജ്ഞതയുടെ വിഷയം മനസ്സിലാകുന്നവരും കൃതജ്ഞത പ്രകടിപ്പിക്കുന്നവരാക്കി മാറ്റേണ്ടതാണ്. മറ്റുള്ളവർക്ക് ഈ വിഷയത്തിനു പ്രാധാന്യം ഊഹിക്കാതെ സാധ്യമല്ല. "എന്നോട് നിങ്ങൾ കൃതജ്ഞത കാണിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ വർദ്ധിപ്പിക്കുന്നതാണ്" എന്ന ദൈവിക വചനത്തിന്റെ പൊരുൾ അഹ്മദികളാണ് ഏറ്റവും കൂടുതൽ മനസ്സിലാക്കുന്നത്. നാം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം നമ്മെ പ്രദർശിപ്പിക്കലല്ല. വ്യക്തിപരമായ വല്ല മഹത്വ ത്തിനും വേണ്ടിയുമല്ല. മറിച്ച് ഹ:മസീഹ് മൗഊദ്(അ) കൊണ്ടു വന്ന പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കാൻ വേണ്ടിയാണ്. തിരുനബി (സ) യുടെ മനോഹര അദ്ധ്യാപനങ്ങളെ ലോകസമക്ഷം സമർപ്പിക്കുന്നതിന് വേണ്ടിയാണ്. ഇതു മുഖേന തിരുനബി(സ) പ്രവാചകത്വത്തിന്റെ അവസാന പദവിയിലുള്ളവരാണെന്ന് ലോകത്തിന് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ്. അല്ലാഹുവിന്റെ തൗഹീദിനെ ലോകത്ത് സ്ഥാപിക്കുവാനും വേണ്ടിയാണ്.

ചുരുക്കത്തിൽ അല്ലാഹുവിന് വേണ്ടിയുള്ള പ്രവർത്തിയാണെങ്കിൽ, വ്യക്തിപരമായ പ്രദർശനവും പേരെടുക്കലും ലക്ഷ്യമല്ലെങ്കിൽ അതോടൊപ്പം അതിന്റെ കാരണമായുണ്ടാകുന്ന സദ്ഫലങ്ങൾക്ക് അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ സഹായം മുമ്പത്തേക്കാളുപരി കൂടുതൽ ഉണ്ടാകുന്നതാണ്. ഈ വിഷയമാണ് നമ്മുടെ മുമ്പിൽ നാം വെക്കേണ്ടത്.

കഴിഞ്ഞ നാളുകളിൽ ഞാൻ യൂറോപ്യൻ പര്യടനത്തിലായിരുന്നു. വിവിധ പരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞു. അതിൽ പ്രഥമമായി നടന്നത് യൂറോപ്യൻ പാർലിമെന്റിലെ ഒരു പ്രോഗ്രാം ആയിരുന്നു. അവരുടെ ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി നടന്നത്. ഏകദേശം 200ൽ കൂടുതൽ അംഗങ്ങളുള്ള സദസ്സായിരുന്നു. അതിൽ യൂറോപ്യൻ പാർലമെന്റ് മെമ്പർമാരും വിവിധ നാടുകളിലെ പാർലമെന്റ് മെമ്പർമാരും ഉൾപ്പെടുന്നു. അതിഥികൾ തന്നെ 200 ഉണ്ടായിരുന്നു. ഇതിൽ രാഷ്ട്രീയ നേതാക്കന്മാരും വക്കീൽമാരും വിദ്യാസമ്പന്നരായ ഉന്നത വ്യക്തിത്വങ്ങളും അതിൽ അടങ്ങിയിരുന്നു.

പല ന്യൂസ് ഏജൻസികളുടെ മുമ്പിലും ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറയാനുള്ള അവസരം ലഭിച്ചു. പ്രസ്സ് കോൺഫ്രൻസ് കാരണം നല്ല പബ്ലിസിറ്റി കിട്ടി. ഈ പരിപാടി ആസൂത്രണം ചെയ്യുന്നതിനായി യു.കെ ജമാഅത്തും നല്ലതുപോലെ പ്രവർത്തിച്ചിട്ടുണ്ട്. യഥാർത്ഥ സംഘാടകർ യൂറോപ്യൻ പാർലമെന്റ് സുഹൃത്തുക്കളായിരുന്നു. ഏതായിരുന്നാലും ഈ പ്രോഗ്രാം വളരെ നന്നായി.

യു.കെ. ജമാഅത്ത് ഇതിന്റെ വിജയത്തെ കുറിച്ച് ചിന്താകുലരായിരുന്നു. അതുകൊണ്ട് ജമാഅത്തുകളിൽ ഇവർ ദുആക്ക് വേണ്ടി അപേക്ഷിക്കുകയും ചെയ്തു കൊണ്ടിരുന്നു. അഹ്മദികളുടെ ദുആയുടെ സ്വീകാര്യത മുമ്പത്തെ പോലെ ഈ പരിപാടിയിൽ നാം കാണുകയും അനുഭവിക്കുകയും ചെയ്തു. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞ കാര്യങ്ങൾ നാം മനസ്സി ലാക്കുന്നത് പൊതു കാര്യങ്ങളാണ് എന്നാണ്. എന്നാൽ ഇതിനെ കുറിച്ച് ചിന്തിച്ചാൽ ഇസ്‌ലാമിലെ ഒരു കാര്യവും തന്നെ സാധാരണയായിട്ടില്ല എന്ന് മനസ്സിലാക്കാം. അല്ലാഹു ഏതൊരു മതത്തെയാണോ പൂർത്തിയാക്കിയിരിക്കുന്നത്, അതിന്റെ ഓരോ കാര്യവും തന്നെ സുപ്രധാനമുള്ളതാണ്. അതു കൊണ്ട് പങ്കെടുത്തവരിൽ ഈ കാര്യങ്ങൾ വളരെയധികം സ്വാധീനിക്കുകയുണ്ടായി. അത് അവർ തുറന്ന് പറയുകയും ചെയ്തു. ഇസ്‌ലാമിനെക്കുറിച്ചുള്ള സംശയങ്ങൾ അകലുകയുണ്ടായി اَلْحَمْدُ لِلّٰہِ

ജർമ്മനിയിലും രണ്ട് വലിയ പരിപാടികൾ ഉണ്ടായിരുന്നു. ഒന്ന് ഹമ്പർഗിൽ. അവിടെ മസ്ജിദ് പുതുക്കി പണിതിരുന്നു. പുതുതായി എടുത്ത സ്ഥലത്ത് ചെറിയ ഒരു പള്ളി ഉണ്ടായിരുന്നു. ഒരു കെട്ടിടത്തെ പള്ളിയാക്കി മാറ്റിയിരുന്നു. മിനാരം ഒന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ മിനാരമെല്ലാം ഉണ്ടാക്കി. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പരിപാടി നടത്തി. ഇത് യഥാർത്ഥത്തിൽ അതിഥികളെ ഒരുമിച്ച് കൂട്ടുവാനുള്ള ഒരു അവസരം മാത്രമായിരുന്നു. ഏതായിരുന്നാലും ഇതിലും കുറേ ആളുകൾ പങ്കെടുത്തു. മനോഹരമായ ഇസ്‌ലാമിന്റെ അദ്ധ്യാപനത്തെക്കുറിച്ച് നല്ല പ്രതികരണവുമായാണ് അവർ പോയത്. ഇതേ പോലെ അവിടെ ജർമ്മനിയിലെ ജാമിഅ അഹ്മദിയ്യാക്ക് വേണ്ടി പുതിയ ബിൽഡിംഗ് ഉണ്ടാക്കിയിട്ടുണ്ട്. അത് ജാമിഅക്ക് വേണ്ടി നിർമ്മിച്ചതാണ്. അതിൽ വലിയ ക്ലാസ്റൂം, അസംബ്ലിഹാൾ, ഹോസ്റ്റൽ, ഡൈനിംഗ് ഹാൾ, കിച്ചൺ മുതലായവയുമുണ്ട്. വിപുലമായ സൗകര്യങ്ങളുണ്ട്. മനോഹരമായ കെട്ടിടമാണ് നിർമ്മിച്ചത്. ഇവിടെയും വിദ്യാസമ്പന്നരായ ആളുകൾ, പ്രസ്സ്, രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയവർ വന്നിരുന്നു. ഇവിടെ വിദ്യാർത്ഥികൾക്കു മുമ്പാകെ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ കേൾപ്പിച്ചപ്പോൾ പുറമെ നിന്ന് വന്നവരും കാര്യങ്ങൾ മനസ്സിലാക്കി. അത് അവരെ സ്വാധീനിച്ചു. രണ്ട് പള്ളികളുടെ ഉദ്ഘാടനവും അവിടെ നടന്നു. അവിടെയും ലോക്കൽ മേയറും സമൂഹത്തിലെ ഉന്നതരും വന്നിരുന്നു. അവർ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രകടനം കാഴ്ച വെക്കുകയും ചെയ്തു. പള്ളിയുടെ ഉദ്ഘാടനം നടന്നപ്പോൾ അയൽവാസികളിൽ പെട്ട ദമ്പതിമാർ അവിടെ വന്നിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അവർ എന്റെ അടുത്ത് വന്ന് കൊണ്ട് പറഞ്ഞു "ഞങ്ങൾ താങ്കൾക്ക് ഒരു ഗിഫ്റ്റ് തരാൻ ആഗ്രഹിക്കുന്നു." ഗിഫ്റ്റ് തന്നു. ആശംസകൾ നേരുകയും ചെയ്തു. മസ്ജിദ് നിർമ്മാണത്തിൽ ആശംസിച്ചു. അവിടെ എന്റെ അടുത്ത് മേയർ സാഹിബ് ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. "ഈ പ്രദേശത്ത് മസ്ജിദ് നിർമ്മിക്കാൻ തുടങ്ങിയപ്പോൾ ഏറ്റവും കൂടുതൽ എതിർത്തിരുന്നത് ഇവരുടെ വീടായിരുന്നു. ഇവിടെ മസ്ജിദ് ഉണ്ടായി കഴിഞ്ഞാൽ ഫിത്നകളും, കുഴപ്പങ്ങളും തുടങ്ങുന്നതാണ് എന്നവർ പറഞ്ഞിരുന്നു. കാരണം മുസ്ലിംകൾ അങ്ങനെയാണ്." ഏതായിരുന്നാലും കൗൺസിലും മറ്റു അയൽവാസികളും ഇവരുടെ ഈ ആശങ്കയെ തള്ളിക്കളയുകയും പള്ളി നിർമ്മിക്കപ്പെടുകയും ചെയ്തു. ഈ കാലയളവിൽ അവരുമായി അഹ്മദികൾ ബന്ധപ്പെടുകയും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും യഥാർത്ഥ അദ്ധ്യാപനങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു. ഇതു കാരണം അവരുടെ സമീപനത്തിൽ മാറ്റമുണ്ടായി. ഉദ്ഘാടനവേളയിൽ മസ്ജിദ് നിർമ്മാണത്തിന് ശേഷം അഹ്മദികളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ, ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനങ്ങൾ കേൾപ്പിച്ചപ്പോൾ ഇവരിൽ പ്രത്യേക മാറ്റം ഉണ്ടായി. ഇവർ വളരെയധികം ആദരവ് പ്രകടിപ്പിക്കുന്നു. ഏതായിരുന്നാലും ഇവരുടെ ഹൃദയം അലിയുന്നത് നാം കാണുകയുണ്ടായി.

ഈ പ്രോഗ്രാമുകളിൽ അന്യരുടെ പ്രതികരണങ്ങൾ അത് കേൾപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. ചിലർ എന്നെക്കുറിച്ചും ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നെക്കുറിച്ച് പുകഴ്ത്തിപ്പറഞ്ഞ കാര്യങ്ങൾ ഒഴിവാക്കാനാണ് ഞാൻ ശ്രമിക്കുന്നത്. എന്നാലും ചില സ്ഥലങ്ങളിൽ പരാമർശം വന്നേക്കാം. ഞാൻ പറഞ്ഞ കാര്യങ്ങൾ ഇസ്‌ലാമിന്റെ സന്ദേശമാണ്. ഇത് വല്ലവരും പ്രകീർത്തിച്ചിട്ടുണ്ടെങ്കിൽ തന്നെ അത് ഇസ്‌ലാമിന്റെ സന്ദേശത്തെയാണ് പ്രകീർത്തിച്ചത്. എന്റെ വ്യക്തിത്വവുമായി ഇതിന് ബന്ധമില്ല. ഹ:മസീഹ് മൗഊദ്(അ)ന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഏതെല്ലാം കാര്യങ്ങൾ ഞാൻ പറയുന്നുവോ തീർച്ചയായും അത് സ്വാധീനിക്കപ്പെടുന്നതു തന്നെയാണ്. കാരണം അങ്ങനെയുണ്ടാകും എന്നത് ഹ:മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്.

ആദ്യത്തെ പ്രതീകരണം ഒരു ബിഷപ്പിന്റെതാണ്. അദ്ദേഹം പ്രസ്സ് കോൺഫ്രൻസിലും വന്നിരുന്നു. അദ്ദേഹം ചോദ്യവും ചോദിച്ചിരുന്നു. ഡോ: ഹേമൻ ഹവേർട്, സ്വിറ്റ്സർലന്റിൽ നിന്ന് വന്നതായിരുന്നു. ഇന്റർഫെയ്ത്ത് ഇന്റർനാഷണലിന്റെ പ്രതിനിധിയും പീസ് അസ്ബ്ലി എന്ന ജനസേവന സംഘടനയുടെ പ്രസിഡന്റുമാണദ്ദേഹം. അദ്ദേഹത്തെ ഈ പരിപാടിയിലേക്ക് ക്ഷണിച്ചിരുന്നു. ഒരു ദിവസം മുമ്പ് ഇദ്ദേഹം മഞ്ഞുകട്ടയിൽ വഴുതി വീഴുകയും കണ്ണ്, നീരു വന്ന് വീർക്കുകയും പരിക്ക് പറ്റുകയും ചെയ്തിരുന്നു. എന്നിട്ടും പറഞ്ഞത് ഈ പരിപാടിയിൽ എന്തായാലും പങ്കെടുക്കണമെന്നാണ്. ബസ് യാത്ര ചെയ്താണ് വന്നത്. അദ്ദേഹം എഴുതുന്നു. "ഈ പ്രസംഗത്തിൽ ഉപയോഗിച്ച വാക്കുകൾ മാസ്മരിക ശക്തിയുള്ളതായിരുന്നു". എന്നെ കുറിച്ച് എഴുതുന്നു. "പതുങ്ങിയ ശബ്ദമായിരുന്നെങ്കിലും നാവിൽ നിന്നും വരുന്ന ഓരോ വാക്കുകളും അത്ഭുതമായ ശക്തിയും തേജസ്സും ഉൾക്കൊള്ളുന്നതായിരുന്നു. ഈ വിധം ധൈര്യശാലിയായ മനു

ഷ്യനെ ഞാൻ ജീവിതത്തിൽ കണ്ടിട്ടില്ല." ഏതായിരുന്നാലും ഇസ്‌ലാമിന്റെ മനോഹാരിതയെ കേട്ടുകൊണ്ട് അദ്ദേഹം എഴുതിയതാണിത്.

സ്വിറ്റ്സർലാന്റിൽ നിന്നും വന്ന ജപ്പാൻ പ്രതിനിധി ജോർജ് കഹോ തഹാലോ അദ്ദേഹം റാഹിബും കൂടിയാണ്. അദ്ദേഹത്തെ കൂടെ കൊണ്ടു വന്നവരോട് പറഞ്ഞു. "നിങ്ങൾ ഒരു സുപ്രധാന പരിപാടിയിൽ പങ്കെടുക്കാനായി എന്നെ ക്ഷണിക്കുകയുണ്ടായി. അതിൽ പങ്കെടുക്കുക എന്നതും ഖലീഫയെ കാണുക എന്നതും എന്നെ സംബന്ധിച്ച് വലിയ സൗഭാഗ്യമാണ്. ഇത് എന്റെ ജീവിതത്തിലെ അനർഘ നിമിഷങ്ങളാണ്. ഇത് എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. ഇവിടെ എനിക്ക് മറ്റു രാജ്യങ്ങളുടെ പ്രബുദ്ധരായ ആളുകളെ കാണാൻ അവസരം ലഭിച്ചു. അതിന് ഞാൻ കൃതജ്ഞതയുള്ളവനാണ്."

ഹോണറബിൾ ഫുആദ് ഹൈദർ മെമ്പർ ബെൽജിയം നാഷ ണൽ പാർലിമെന്റ് വെട്ടിത്തുറന്ന് പറഞ്ഞു. ഇദ്ദേഹം നമ്മുടെ പഴയ സുഹൃത്തുകൂടിയാണ്. തലേന്നു രാത്രി അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ പറഞ്ഞു. നമ്മൾ തമ്മിൽ വളരെ പഴക്കമുള്ള ബന്ധമാണ്. അതു കൊണ്ട് ഇനി ബൈഅത്ത് ചെയ്യേണ്ടതാണ്. ഇദ്ദേഹം മുസ്‌ലിമാണ്. മൊറോക്കേയുമായി ബന്ധപ്പെട്ട വ്യക്തിയാണ്. കുറേക്കാലമായി അവിടെയാണ് താമസിക്കുന്നത്. അതല്ലെങ്കിൽ ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇവിടെ വന്നതാണോ എന്ന് തോന്നുന്നു. ഏതായിരുന്നാലും ഉന്നത രാഷ്ട്രീയ പ്രവർത്തകനാണ്. മെമ്പർ ഓഫ് പാർലമെന്റുമാണ്. അദ്ദേഹം പറയുന്നു. എന്റെ പ്രസംഗത്തെ കുറിച്ച് പറയുന്നു. "ഈ പ്രസംഗം പാർലമെന്റിൽ എനിക്ക് മാത്രമുള്ളതായിരുന്നില്ല. ഇത് മുഴുവൻ മുസ്‌ലിംകൾക്കും അഭിമാനിക്കാനാകുന്നതാണ്. കാരണം ഖലീഫ നമ്മുടെ അഭിമാനം ഉയർത്തിയിരി ക്കുന്നു. ഇതിനു മുമ്പ് ആരെങ്കിലും ഇസ്‌ലാമിനെ കുറിച്ച് നമ്മോട് പറഞ്ഞാൽ നമ്മുടെ തല താഴ്ത്താറാണുള്ളത്.അത് യഥാർത്ഥ അദ്ധ്യാപനമായിരുന്നില്ല. ഇന്ന് നമുക്ക് ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനമെന്താണെന്ന് മനസ്സിലായി."

ബെൽജിയത്തെ ആഭ്യന്തര കാര്യാലയത്തിലെ പ്രതിനിധി ജോണാത്തൾ ജോബി പറഞ്ഞു. "ഖലീഫയുടെ പ്രസംഗം നമ്മെ എല്ലാവരേയും പിടിച്ച് കുലുക്കിയിരിക്കുകയാണ്. പലതും പഠിക്കാൻ കഴിഞ്ഞു. ഈ പ്രസംഗം നമുക്കെല്ലാവർക്കും ഉള്ള മുന്നറിയിപ്പാണ്."

മെമ്പർ ഓഫ് പാർലമെന്റ് മിസ്റ്റർ മാസ് പറയുന്നു, ഖലീഫ ലോകത്തിനു വേണ്ടി നൽകിയ സമാധാനത്തിന്റെ സന്ദേശം, നമുക്ക് നൽകിയ മാർഗ്ഗദർശനം അതിന് നാം കൃതജ്ഞത രേഖപ്പെടുത്തുകയാണ്. മറ്റൊരു മെമ്പർ പാർലമെന്റ് മിനിസ്റ്റർ ഗ്ലോഡ്ഫ്ളെ ബൂം പറഞ്ഞു: "ഖലീഫയുടെ പ്രസംഗം നമുക്ക് വെളിച്ചം കാണിച്ചു തന്നിരിക്കുന്നു. ഞാൻ എന്റെ കൂടെയുള്ളവർക്ക് വേണ്ടി അദ്ദേഹത്തിന് കൃതജ്ഞത അറിയിക്കുകയാണ്." നോർവേയിൽ നിന്ന് ഒരു മെമ്പർ പാർലമെന്റ് ക്രിസ്ത്യൻ ഡെമോക്രാറ്റിൽ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയുമായ ഒരാൾ വന്നിരുന്നു. അദ്ദേഹവും ഈ കാര്യങ്ങൾ പറയുകയുണ്ടായി.

ഫ്രാൻസ് ഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയത്തിലെയും വിദേശകാര്യ മന്ത്രാലയത്തിലെ പ്രതിനിധികളും വന്നിരിന്നു. മിസ്റ്റർ അലക് ആയിരുന്നു പ്രതിനിധി. അദ്ദേഹം പ്രസംഗത്തിലെ സുപ്രധാന പോയിന്റുകൾ കുറിച്ചെടുക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു. ഈ പ്രസംഗത്തിൽ ഫ്രാൻസിന് കുറേ മാർഗ്ഗദർശനമുണ്ട്. ഞാൻ തിരിച്ചു ചെന്ന് എന്റെ മിനിസ്റ്ററിയിൽ ഇതിനെക്കുറിച്ച് പരാമർശിക്കുന്നതാണ്. യൂറോപ്പിൽ ഫ്രാൻസിലാണ് മുസ്‌ലിംകൾക്കെതിരിൽ എപ്പോഴും ശബ്ദം ഉയർന്നു കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനം അവരുടെ മുമ്പാകെ സമർപ്പിച്ചപ്പോൾ അവർ സ്വാധീനിക്കപ്പെടുകയുണ്ടായി.

ഫ്രാൻസിലെ ലോപ്പോസ് സാഹിബ് ഇവർ സ്പെയിൻ പാർലമെന്റ് മെമ്പറാണ്. സ്പെയ്നിൽ നിന്ന് ഈ പരിപാടിയിൽ പങ്കെടുക്കാനായി വന്നതാണ്. തൊലിദോസി തെലെയ്ത്തല പ്രദേശത്താണ്. പറയുന്നു. "ഈ പരിപാടി സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ഈ പരിപാടിയിൽ കർമ്മനിരതമായ ഒരു പ്രസ്ഥാനത്തെക്കുറിച്ച് അറിയാൻ സാധിച്ചു. അവർ ക്രിയാത്മകമായ പ്രവർത്തനത്തിൽ മുഴുകിയവരാണ്. മിർസാ മസ്റൂർ അഹ്മദിന്റെ നേതൃത്വത്തിൽ Love for All Hatred for None എന്ന മുദ്രാവാക്യവുമായി വിവിധ സമുദായങ്ങളുമായി ബന്ധമുള്ള അഹ്മദികൾ പരസ്പരം ഇഴകിച്ചേർന്നിരിക്കുന്നു. ദുനിയാവ് തങ്ങളുടെ ആലസ്യത്തിൽ മുഴുകിയിരിക്കുകയാണ്. ഇവിടെ സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശം വളരെ സുപ്രധാനമുള്ളതാണ്. ഇങ്ങനെയുള്ള ലോകത്ത് നിങ്ങളെപ്പോലെയുള്ളവരെക്കുറിച്ച് അറിയുക എന്നത് സൗഭാഗ്യം തന്നെയാണ്. നിങ്ങളുടെ കാഴ്ച്ചപ്പാടുകളെ പൂർണ്ണമായും ഞാൻ പിന്തുണക്കുന്നു. ആഗോള മനുഷ്യവകാശ സംരക്ഷണത്തിനും ലോകത്ത് സമാധാനം പുനസ്ഥാപിക്കുന്നതിനെക്കുറിച്ചും താങ്കൾ പറഞ്ഞ എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുന്നു. മതത്തിന്റെ പേരിലുള്ള അക്രമണത്തെ എപ്പോഴും ഞാൻ അപലപിക്കുന്നതാണ്.

സ്പെയിനിൽ നിന്ന് ജോസ് മാരിയാ ലോൺസോ മെയ്ഡ്രെട്ത്തിൽ പോപുലർ പാർട്ടിയുടെ പ്രതിനിധിയായ അസംബ്ലി അംഗമാണ് കന്റാവരിയ സ്പെയ്നിലുള്ളവരാണ്. പറയുന്നു, എന്നെ കണ്ടപ്പോഴുള്ള പ്രതികരണമാണ് ആദ്യം പറഞ്ഞത്. തുടർന്ന് എഴുതുകയാണ്. 'അഹ്മദികളെ കണ്ടപ്പോൾ എനിക്ക് ഖലീഫയെ കണ്ടപ്പോഴുള്ള അതേ വികാരമാണുണ്ടായത്. ഈ ജമാഅത്ത് ഒന്നടങ്കം അതിഥി സൽക്കാരപ്രിയരും ശാന്തപ്രകൃതക്കാരുമാണ്. ഖലീഫ പറഞ്ഞതനുസരിച്ച് മതങ്ങൾ പരസ്പരം പ്രശ്നങ്ങൾ ഉണ്ടാക്കാനല്ലെന്നും പരസ്പരം സ്നേഹം വർദ്ധിപ്പിക്കുകയാണ് മത ലക്ഷ്യമെന്നും മനസ്സിലായി'.

സെന്റിയാഗോ കിടാല സാഹിബ്, ഇവർ കോയൻകൊയൂനിവേഴ്സിറ്റിയിൽ ലോ പ്രൊഫസറാണ്. പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. ഇസ്‌ലാം ഇൻ വെലെൻശിയ, ഇസ്‌ലാമിക് ജുറിസ് സ്പുടൻക് എന്നിവ ഉൾപ്പെടുന്നു. പറയുന്നു. എന്റെ വാക്കുകൾ ഖലീഫ വരെ എത്തിക്കണം. രാത്രിയിൽ കണ്ട ഇമാം സാഹിബും നമ്മോടൊപ്പമുണ്ടായിരുന്നു സ്പാനിഷ് സഹോദരന്മാർക്കും എന്റെ സന്ദേശം എത്തിക്കുക. എല്ലാവർക്കും നന്ദി. നിങ്ങളെയെല്ലാം കാണാൻ കഴിഞ്ഞതിൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നു. അല്ലാഹു

നമുക്ക് കൂടുതൽ കണ്ടുമുട്ടാനുള്ള അവസരം ഒരുക്കുമെന്ന് പ്രത്യാശിക്കുന്നു. അല്ലാഹു നിങ്ങളോട് വളരെ അധികം കരുണ ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് നന്മ വരട്ടെ എന്ന് ദൈവത്തിനോട് ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾക്ക് ദൈവം ധനവും ശാന്തിയും നൽകട്ടെ. ഞാൻ മതവിശ്വാസിയാണ്. ചില ആത്മീയ അനുഭവങ്ങൾ എനിക്കുണ്ട്. ഒരു ദീർഘകാലമായി ഇങ്ങനെയുള്ള മതാന്തരീക്ഷം എനിക്ക് കാണാൻ സാധിച്ചിരുന്നില്ല. നേരായ മാർഗ്ഗത്തിലുള്ളവരാണ് ആത്മീയ വഴികാട്ടികൾ എന്നത് നമുക്കറിയാം. അവർ ദൈവത്തോടൊപ്പവും ദൈവം അവരോടൊപ്പവുമായിരിക്കും.

സ്പെയിനിൽ നിന്നുള്ള ഒരു വനിതാവക്കീൽ വന്നിരുന്നു. അവർ തിരിച്ചു പോയതിന് ശേഷം അയച്ച സന്ദേശമിതാണ്. സ്പെയ്നിൽ നിന്ന് വന്ന ഒരു സുഹൃത്ത് കമർ സാഹിബിനോട് അവർ പറഞ്ഞിരുന്നു. ഈ ദിവസം അസാധാരണ ദിവസമായിരുന്നു. അദ്ദേഹം പറഞ്ഞത് തികച്ചും ശരിയാണ്. അല്ലാഹു ഉദ്ദേശിച്ചാൽ നിങ്ങളുടെ ജമാഅത്ത് ഇതു വരെ ചെയ്ത പ്രവർത്തനങ്ങൾ തീർച്ചയായും അതിന്റെ ഫലങ്ങൾ പ്രകടമാകുന്നതാണ്. സ്പെയിൻ എന്ന നാട്ടിൽ ആദ്യം മുസ്ലിംകളുടെ ആധിപത്യമായിരുന്നു. എന്നാൽ ഇപ്പോൾ അവിടെ ഇസ്‌ലാമിനോട് വിരോധമാണുള്ളത്. ചില പ്രദേശങ്ങളിൽ ശക്തമായ എതിർപ്പുണ്ട്.

മാൾട്ടയിൽ നിന്ന് പ്രൊഫ : ആണേർഡ് കസോല സാഹിബ് വന്നിരുന്നു. യൂനിവേഴ്സിറ്റി ഓഫ് മാർട്ടയിൽ പ്രൊഫസറായി ജോലി ചെയ്യുന്നു. മാർട്ടി ലിട്ടറേറ്റർ പഠിപ്പിക്കുന്നു. 30ൽ പരം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മാർട്ടയിലെ മൂന്നാമത്തെ രാഷ്ട്രീയ പാർട്ടി മാർട്ടാ ഗ്രീൻ പാർട്ടിയുടെ ഫൗണ്ടറാണ്. കുറേ കാലം ഗ്രീൻ പാർട്ടിയുടെ നേതാവായിരുന്നു. ഇറ്റാലിയൻ പാർലിമെന്റിൽ മെമ്പർ ഓഫ് പാർലമെന്റ് എന്ന സ്ഥാനത്തും ഇരുന്നിട്ടുണ്ട്. അദ്ദേഹം തന്റെ കാഴ്ച്ചപ്പാട് ഇപ്രകാരം വിവരിക്കുന്നു. "കോൺഫ്രൻസിന്റെ സംവിധാനം വളരെ ഉന്നതനിലവാരം പുലർത്തിയിരുന്നു. എവിടെയും ഒരു കുറവും കാണാൻ സാധിച്ചില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള സാഹോദര്യ വീക്ഷണവും "സ്നേഹം ഏവരോടും ആരോടും വെറുപ്പി"ല്ലെന്ന മുദ്രാവാക്യം വളരെ സുപ്രധാനമായ കാഴ്ച്ചപ്പാടാണ്. ഇത് മാനവരാശിയെ ഒന്നിപ്പിക്കുന്നതാണ്. വർഗീയതയേയും മതവൈപരീത്യത്തെയും ഇല്ലാതാക്കി മനുഷ്യനെ ഒന്നിപ്പിക്കുവാനുള്ള ഗ്യാരണ്ടി നൽകുന്നത്. ഖലീഫയുടെ പ്രസംഗം ആഗോള തലത്തിൽ സമാധാനം സ്ഥാപിക്കാനുള്ള പ്രത്യക്ഷ രൂപമാണ്.ശാന്തിയും സൗഹൃദവും ആഗ്രഹിക്കുന്ന ലോകത്തുള്ള മുഴുവൻ മാനവരാശിക്കും അഹ്മദിയ്യാ ജമാഅത്ത് പരസ്പരം സംവദിക്കാനുള്ള ഒരു പ്ലാറ്റ്ഫോം ഒരുക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയ തലത്തിലും അവർ ഈ കാര്യങ്ങൾ നല്ല രീതിയിൽ സമർപ്പിച്ചു കൊണ്ടിരിക്കുന്നു.

മാൽട്ടയിൽ നിന്നും വന്ന മറ്റൊരു അതിഥി നുവാൻ ബാർത്തോലോവോ സാഹിബാണ്. മാധ്യമ പ്രവർത്തകനാണദ്ദേഹം. രണ്ട് പ്രോഗ്രാമുകളുടെ പ്രൊഡ്യൂസറുമാണ്. ജമാഅത്തുമായി ഇദ്ദേഹം ബന്ധപ്പെടുന്നത് ഇപ്രകാരമാണ്. നാം വിതരണം ചെയ്യുന്ന ലീഫ്‌ലെറ്റുകളിൽ ഒന്ന് അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അത് അദ്ദേഹത്തെ സ്വാധീനിക്കുകയും സ്വയം ജമാഅത്തുമായി ബന്ധപ്പെടാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ ഈ ബന്ധം വർദ്ധിച്ചു കൊണ്ടിരുന്നു. അദ്ദേഹം പറയുന്നു. ശാന്തിക്ക് വേണ്ടിയുള്ള സ്തുത്യർഹമായ സേവനത്തെ ഞാൻ അഭിനന്ദിക്കുന്നു. എന്നെ കുറിച്ച് എഴുതുന്നു. ഹുസൂറിനെ കുറിച്ച് ഞാൻ ചില കാര്യങ്ങൾ വായിച്ചറിഞ്ഞിരുന്നു. ഇതിനേക്കാളും എത്രയോ ഉന്നതമായി ഞാൻ അദ്ദേഹത്തെ കാണുകയുണ്ടായി. നിങ്ങളുടെ സന്ദേശം സ്ഥായിയായി നിലനിൽക്കുന്നതാണ്. നിങ്ങളുടെ സന്ദേശം ശരിയായ ആളുകളിലാണ് എത്തിയത് എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആഗോള സാഹോദര്യത്തിനു വേണ്ടിയുള്ള താങ്കളുടെ പ്രവർത്തനങ്ങളും പരിപാടികളും എന്നെ വളരെ അധികം സ്വാധീനിക്കുകയുണ്ടായി.

ബെൽജിയത്തിൽ വെച്ച് കണ്ട തന്റെ ഒരു സുഹൃത്തിനെ കുറിച്ച് അദ്ദേഹം എഴുതുന്നു. ഞാൻ ഇവിടെ വന്നിട്ടുള്ളത് ഒരു പ്രോഗ്രാമിൽ പങ്കെടുക്കാനാണെന്ന്. എന്റെ സുഹൃത്തിനോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. യൂറോപ്യൻ പാർലമെന്റിൽ നടക്കുന്ന പരിപാടികൾ ഇത്രമാത്രം സുസംഘടിതമാകാറില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു. 'ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രോഗ്രാമാണ്.' അപ്പോൾ അദ്ദേഹം പറഞ്ഞു. എനിക്ക് അവരെ അറിയാം. അവരുടെ പ്രോഗ്രാമുകൾ എപ്പോഴും സുസംഘടിതമായിത്തന്നെയാണ് നടത്താറുള്ളത്.

മാസ്റ്റർ ക്രിസ്ത്യൻ മെരൊ; ഇദ്ദേഹം ചർച്ച് ഓഫ് സർഥോളജി യൂറോപ്പിന്റെ മെമ്പറാണ്. അദ്ദേഹം പറയുന്നു. വളരെ സുപ്രധാനമായ മീറ്റിംഗായിരുന്നു. ഖലീഫ തന്റെ പ്രസംഗത്തിൽ നമുക്കെല്ലാവർക്കും നൽകിയിരിക്കുന്ന സന്ദേശം നാമെല്ലാവരും ഒത്തൊരുമിച്ച് ലോകത്ത് സമാധാനം ഉണ്ടാക്കുന്നതിനായി പ്രവർത്തിക്കണമെന്നാണ്. പരസ്പരമുള്ള വിദ്വേഷത്തെ ഇല്ലാതാക്കണം. അദ്ദേഹത്തിന്റെ സന്ദേശം യുക്തിസഹമായിരുന്നു. മാനവസമൂഹത്തിന്റെ ഉത്തമമായ ഭാവി നിലനിൽക്കുന്നത് ഈ അദ്ധ്യാപനം പിൻപറ്റുന്നതിലൂടെയാണ്.

ഫ്രാൻസിലെ ഒരു ഗ്രാമമായ മൗണ്ട് ലീജോകിയിലെ ഡപ്യൂട്ടി മേയറും ഇതിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറഞ്ഞു, ഈ പ്രഭാഷണം എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു. വളരെ സുപ്രധാനമർഹിക്കുന്ന പ്രഭാഷണമാണ് അദ്ദേഹം ചെയ്തത്. എല്ലാ കാര്യങ്ങളും വ്യക്തമായി വിവരിച്ചിരിക്കുന്നു.

ഫ്രാൻസിലെ യൂനിവേഴ്സിറ്റി പ്രൊഫസർ മിസ്റ്റർ മാർക്കോട്ട് ഡയാനീ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. പറയുന്നു, ഖലീഫയുടെ നേതൃത്വത്തിൽ യൂറോപ്യൻ പാർലമെന്റിൽ നടന്ന പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞത് എന്റെ സൗഭാഗ്യമായി കരുതുന്നു. ഇത് എന്നിക്ക് ആദരവും അനുഗ്രഹവും നൽകുന്ന ഒരു പരിപാടിയായിരുന്നു. യഥാർത്ഥ അർത്ഥത്തിൽ സമാധാന കാംക്ഷികളായ മനുഷ്യന്റെ കടമ നിറവേറ്റുന്ന ഒരു ശരിയായ മത നേതാവിന്റെ സാന്നിധ്യത്തിൽ ഞാൻ അവിടെ സന്നിഹിതനാകുകയായിരുന്നു. ശാന്തിയും പരസ്പരസാഹോദര്യവും സ്ഥാപിക്കാനായി പ്രവർത്തിക്കുന്ന ഒരു മഹാനായ നേതാവിനെ കാണാൻ സാധിച്ചത് ഒരു സൗഭാഗ്യമായി ഞാൻ കരുതുന്നു. LOVE FOR

ALL HATRED FOR NONE എന്ന മുദ്രാവാക്യം ശക്തവും ശാന്തി സമാധാനം സ്ഥാപിക്കുന്നതുമാണ്. ഇത് എന്നെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും വലിയ ആദരവാണ് ലഭിച്ചത്. ജനങ്ങൾ വളരെ കൂടുതലായിരുന്നു. പുറത്ത് പോലും ജനങ്ങൾ നിൽക്കുന്നുണ്ടായിരുന്നു.

ഫ്രാൻസിലെ മുൻ മേയർ പറയുന്നു: അദ്ദേഹത്തെ ക്ഷണിച്ചതിൽ ആദ്യം നന്ദി രേഖപ്പെടുത്തി. 'ഈ പ്രോഗ്രാം ഞങ്ങളെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. ഭാര്യയും ഭർത്താവും വന്നിരുന്നു. ഇങ്ങനെയുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നത്, ഇന്ന് ലോകത്ത് നടക്കുന്ന അക്രമ പ്രവർത്തനങ്ങൾക്കുള്ള ഉചിതമായ മറുപടിയാണ്. ഈ വിഷയം യൂറോപ്യൻ പാർലമെന്റിലെ പരിപാടിയിലുള്ളതും കൂടിയാണ്. ഈ വിഷയത്തിൽ (സമാധാനം പുന:സ്ഥാപിക്കൽ) ഭാവിയിലും ശ്രദ്ധ ഉണ്ടായിത്തീരുന്നതാണ്. ഈ പരിപാടിയിൽ പങ്കെടുത്തതു കാരണം ഇതിലെ ശ്രോദ്ധാക്കൾക്കും വായനക്കാർക്കും കൂടുതൽ ധൈര്യം ലഭിക്കുകയുണ്ടായി.

മിസ്റ്റർ ചാൾസ് ടേനക്ക് എം.പി. പറഞ്ഞു: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകാടിസ്ഥാനത്തിൽ ശാന്തി സന്ദേശം പരത്തിക്കൊണ്ടിരിക്കുകയാണ്. അവർ തീവ്രവാദത്തിനെതിരെ പോരാടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വരുന്നതിനു മുമ്പെ വിജയകരമായ ഒരു പ്രസ്സ് കോൺഫ്രൻസും നടത്തിയിരുന്നു. (ആ പ്രോഗ്രാം നടക്കുന്നതിന് അര മണിക്കൂർ മുമ്പ് പ്രസ്സ് കോൺഫ്രൻസും ഉണ്ടായിരുന്നു.) അവിടെ വെച്ച് ഏതൊരു രീതിയിലാണോ ചോദ്യോത്തരങ്ങൾ നടന്നത് അത് എന്നെ വ്യക്തിപരായി വളരെയധികം സ്വാധീനിക്കുകയുണ്ടായി. മുസ്‌ലിം നേതാക്കൻമാരിൽ നിന്നും ഇങ്ങനെയുള്ള സന്ദേശമാണ് ലോകത്തിനാവശ്യം. ഈ സമാധാനത്തിന്റെ സന്ദേശം യഥാർത്ഥത്തിൽ നമ്മുടെ ഹൃദയത്തിന്റെ ശബ്ദമാണ്. ഇത് ഇസ്‌ലാമുമായി മാത്രം ബന്ധപ്പെട്ടതല്ല, മറ്റു മതങ്ങളുമായി ബന്ധപ്പെട്ടതാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിത്യവും വിജയങ്ങളുടെ പടവുകൾ കയറി കൊണ്ടിരിക്കുകയാണ്. എല്ലാ ഉപഭൂഖണ്ഡങ്ങളിലും ഇവരുടെ ശാഖകളുണ്ട്. അഹ്മദിയ്യാ സമൂഹത്തിന്റെ സന്ദേശം കുറച്ച് പേരെ അറിയുന്നുള്ളൂ. യൂറോപ്പിൽ ഈ സമൂഹത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ പ്രചരിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്. ഇത് LOVE FOR ALL HATRED FOR NONE എന്ന സന്ദേശം ഉൾക്കൊള്ളുന്നതാണ്. ഇത് ശാന്തിയുടെ സന്ദേശമാണ്. ഈ ശാന്തി മുസ്‌ലിംകൾക്കിടയിൽ മാത്രമല്ല, ലോകത്തുള്ള എല്ലാ മതങ്ങൾക്കിടയിലുമുള്ള സമാധാനത്തിനുള്ള സന്ദേശ മാണ്.

ഇക്കാലത്ത് അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ മുമ്പിൽ ശാന്തിയുടെയും സഹനത്തിന്റെയും ഉത്തമ മാതൃകയാണ് സമർപ്പിക്കുന്നത്. എന്നാൽ മറു ഭാഗത്ത് മതതീവ്രവാദികളും ഭീകരവാദികളും ശാന്തിക്കും മാനവ ഐക്യത്തിനും ഭീഷണിയായി നിലനിൽക്കുന്നു. ഈ മത തീവ്രവാദികൾ ആഗോള തലത്തിലുള്ള തീവ്രവാദവുമായി കൈ കോർക്കുന്നു. മുസ്‌ലിംകൾ സ്വയം ഈ ഭീകരപ്രവർത്തനങ്ങൾക്ക് മറുപടി നൽകേണ്ടതാണ്. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്ത് ഇതിന് മറുപടി നൽകി വരുന്നുണ്ട്.

എന്റെ പ്രസംഗത്തെക്കുറിച്ച് പറയുകയുണ്ടായി, താങ്കളുടെ അർത്ഥസംപുഷ്ടമായ പ്രസംഗത്തിൽ നന്ദി രേഖപ്പെടുത്തുന്നു. വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഭാഷണത്തിൽ വിശദീകരിക്കുകയുണ്ടായി. ശാന്തിയുടെയും സഹനത്തിന്റെയും യഥാർത്ഥ ഇസ്‌ലാമിക പാഠങ്ങൾ താങ്കൾ കേൾപ്പിച്ചു. വികസിത രാജ്യങ്ങൾ ദരിദ്ര സമൂഹങ്ങളെയും ദരിദ്ര നാടുകളെയും സഹായിക്കേണ്ടതാണെന്നും പറഞ്ഞു. പാശ്ചാത്യൻ നാടുകളിലും പ്രത്യേകിച്ച് യൂറോപ്യൻ യൂണിയനിലുള്ള നാടുകളിലും വരുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ചും പരാമർശിക്കുകയുണ്ടായി. ഇവയെല്ലാം അവർ സഹതാപത്തോടും ചിന്തിച്ചും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. താങ്കൾ സധൈര്യം യുക്തിസഹമായ രീതിയിൽ ഇമിഗ്രേഷൻ കാരണമായുണ്ടാകുന്ന പ്രശ്നത്തെക്കുറിച്ചും തന്റെ പ്രഭാഷണത്തിൽ പറഞ്ഞതിനെ ഞാൻ അത്ഭുതത്തോടെയാണ് കാണുന്നത്. ഒരു രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ എനിക്കറിയാം ഇത് ഞങ്ങളുടെ നാട്ടിലെ സുപ്രധാന വിഷയമാണെന്ന്. മറ്റുള്ളവരോടൊപ്പം സൗഹൃദത്തിൽ കഴിയുക എന്നതും മറ്റുള്ളവരെ സഹിക്കുക എന്നതും ഇന്നത്തെ സുപ്രധാനമായ സന്ദേശമായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. ഇത് നാം കൂടെ കൊണ്ട് പോകേണ്ടതുണ്ട്.

എസ്റ്റോണിയയുമായി ബന്ധപ്പെട്ട മെമ്പർ ഓഫ് യൂറോപ്യൻ പാർലമെന്റ് മിസ്റ്റർ ട്യൂമെക്ക് സെലാം ഇപ്രകാരം തന്റെ പ്രതികരണം അറിയിക്കുന്നു. 'ജമാഅത്ത് ഭീകരപ്രവർത്തനങ്ങളെയും അക്രമത്തെയും നിഷിദ്ധമായി എതിർക്കുന്നു. ഇത് ഇക്കാലത്ത് ലോകത്ത് ശക്തമായി വ്യാപിച്ചിരിക്കുകയാണ്. വിവിധ മതങ്ങളെയും വിശ്വാസങ്ങളെയും ഒന്നിപ്പിക്കാനായി താങ്കളുടെ മാതൃക താത്വികമായും പ്രാവർത്തികമായും വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ഈ സന്ദേശം പ്രചരിക്കുന്നതിൽ നാം കൂടുതൽ ശക്തി നൽകേണ്ടതാണ്. യൂറോപ്യൻ പാർലമെന്റ് ഈ സന്ദേശത്തിന്റെ ഭാഗമായിത്തീരുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ക്ലൗണ്ട് മോറിയ ഐസംമെപി മെമ്പർ യൂറോപ്യൻ പാർലമെന്റ് പറയുന്നു, 'യൂറോപ്യൻ പാർലിമെന്റിൽ നടക്കുന്ന പരിപാടികളിൽ പൊതുവിൽ ഇന്നുള്ളത്ര ഹാജർ നില ഉണ്ടാകാറില്ല. ഇക്കാലത്ത് ലോകം പോകുന്നത് വളരെ മോശമായ സ്ഥിതിവിശേഷത്തിലേക്കാണ്. അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ശാന്തി സന്ദേശം നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. പരസ്പരം സഹിക്കുവാനും ആദരിക്കുവാനുമാണ് നാം പഠിക്കേണ്ടതാണ്. ഈ കാഴ്ച്ചപ്പാടുകൾ വെറും ലിഖിതങ്ങളിലല്ല ഉള്ളത്. ഇക്കാലത്ത് ഇത് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്.' എന്നെക്കുറിച്ച് പറയുന്നു; അദ്ദേഹം ഇവിടെ വന്നത് തന്നെ ജനങ്ങൾ മറ്റുള്ളവരെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു എന്നതിനുള്ള തെളിവു കൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിനെ നമുക്ക് അടുത്തറിയേണ്ടിയിരിക്കുന്നു. അവരുടെ സമാധാനത്തിന്റെയും സഹനത്തിന്റെയും സന്ദേശം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇതു കൂടാതെ മത ജാതി വർഗ്ഗ വ്യത്യാസമില്ലാതെ മാനവരാശിയെ സേവിക്കുക എന്നത് ഈ ജമാഅത്തിന്റെ പ്രത്യേകതയാണ്. ഈ കാര്യങ്ങളെല്ലാം കൂടുതലായി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.'

അവിടെ പ്രസ്സിന്റെ പ്രതിനിധികൾ വന്നിരുന്നു. അതിൽ ബി.ബി.സി ന്യൂസ്, ഫെയ്ത്ത് മേറ്റേർസ്, സ്പാനിഷ് മീഡിയ എക്യൂ യൂറോപ്പ്, മാൾട്ടയുടെ ജനപ്രിയ ചാനൽ, ജിയോ ടി.വി, ഡെയ്‌ലി ജങ്ക് എന്നിവയുടെ പ്രതിനിധികൾ പാരിസിലെ മാഗസിൻ പ്രതിനിധി, അൽ മനാർ റേഡിയോ ബെൽജിയം, തർക്കിഷ് മീഡിയ ഹസ്ഹസ്റ്റ്, ഫ്രഞ്ച് അക്കാഡമിക്ക് റിസർച്ച്, ഓത്തൻ ഓഫ് ജസ്റ്റിസ് ഫസ്റ്റ് ഓഫ് ദ വേൾഡ്, കുക്കർ ന്യൂവിന്റെ പുകാറ്, അസോസിയേറ്റ് പ്രസ്സ് പാകിസ്ഥാന്റെ യൂറോപ്യൻ പാർലമെന്റിലെ ഒഫീഷ്യൽ ഫോട്ടോഗ്രാഫർ, ബെൽജിയം ടി.വി. റേഡിയോ പ്രതിനിധികൾ, മറ്റു മാധ്യമ പ്രവർത്തകരും അവിടെ ഉണ്ടായിരുന്നു. സി.എൻ.എൻ പ്രസംഗത്തിലെ ഒരു ഭാഗം തന്റെ വെബ്സൈറ്റിൽ നൽകിക്കൊണ്ട് അതിന്റെ മുകളിൽ എഴുതി, 'കോർട്ട് ഓഫ് ദ ഡേ' അദ്ദേഹത്തിന് ഈ ഉദ്ധരണി വളരെ ഇഷ്ടപ്പെട്ടിരുന്നു. അതിൽ പരസ്പരം ഒന്നായിത്തീരാനാണ് പറഞ്ഞിരുന്നത്.

ജർമ്മനിയിലെ നാഷനൽ പാർലമെന്റ് മെമ്പർ തന്റെ പ്രതികരണം ഇപ്രകാരം അറിയിക്കുന്നു, ഇദ്ദേഹത്തിന്റെ പ്രഭാഷണം വളരെയധികം സ്വാധീനം ചെലുത്തുന്നതാണ്. വളരെ ആയത്തിൽ നമ്മെ അത് സ്വാധീനിച്ചു. ഇത് ഹമ്പർഗിലാണ് പറഞ്ഞിരുന്നത്. എന്നെക്കുറിച്ച് പറയുന്നു, അദ്ദേഹം ബ്രിട്ടീഷ് പാർലിമെന്റിലും അമേരിക്കയിലെ കാപിറ്റൽ ഹില്ലിലും പ്രസംഗം നടത്തുകയുണ്ടായി. ബെർല്ലിനിൽ ജർമ്മൻ പാർലമെന്റിൽ ഖലീഫയുടെ പ്രസംഗം ഉണ്ടാക്കാനായി ഞാൻ ശ്രമിക്കുകയാണ്.

ഹേക്കൻ ടുമറൽ മെമ്പർ സ്റ്റേറ്റ് അസംബ്ലി പറയുന്നു, ഇദ്ദേഹം നമുക്ക് ഇന്ന് നൽകിയിരിക്കുന്ന മാർഗ്ഗദർശനം മുഴുവൻ മുസ്‌ലിം ലോകത്തിനും ആവശ്യമുള്ളതാണ്.

യൂറോപ്യൻ പാർലമെന്റിലെ റിപ്പോർട്ട് കഴിഞ്ഞു. ഹെമ്പർഗിലെ കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞു വരുന്നത്. പാർലമെന്റ് പരിപാടിയുടെ അടുത്ത ദിവസം തന്നെയായിരുന്നു അത്. ചൊവ്വാഴ്ച യുറോപ്യൻ പാർലമെന്റിലും ബുധനാഴ്ച ഹെമ്പർഗിലുമായിരുന്നു പരിപാടി. ഇന്റിഗ്രേഷൻ ഓഫീസർ ഒരു അഹ്മദീ സുഹൃത്തിനോട് പറയുകയാണ്, താങ്കളുടെ ഖലീഫ ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ വളരെ മനോഹരമായ രീതിയിൽ സമർപ്പിക്കുകയുണ്ടായി. പല തെറ്റിദ്ധാരണകളും ഇതു മുഖേന അകലുകയുണ്ടായി. ഈ പ്രോഗ്രാമിൽ പങ്കെടുത്ത് എനിക്ക് വളരെ സന്തോഷമായി. ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങൾ മനസ്സിലായി. ജമാഅത്തിന്റെ പ്രതിനിധികളെ ഞങ്ങളുടെ പരിപാടികളിലേക്ക് എത്തിക്കുന്നതാണ്. അവിടെ വന്ന് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നിങ്ങൾ കേൾപ്പിക്കുക.

ഹമ്പർഗ് പ്രദേശത്തെ ഹർഡറിലെ കൗൺസിലർ പറയുന്നു: "അദ്ദേഹം വാക്കുകൾ പറയുമ്പോൾ അത് ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നുണ്ടായിരുന്നു. നമ്മുടെ ഒരു മതപ്രതിനിധിക്കും ഈ രീതിയിൽ പറയാൻ കഴിയില്ല. ഖലീഫ ഇസ്‌ലാമിനെക്കുറിച്ച് സമർപ്പിച്ച രീതിയിൽ അതായത് ഏതു നാട്ടിലാണോ താമസിക്കുന്നത് ആ നാടിനോട് സ്നേഹമുള്ളവരായിത്തീരണം എന്ന മനോഹര പാഠം എന്നെ സംബന്ധിച്ച് ഇസ്‌ലാമിന്റെ പുതിയൊരു ചിത്രമാണ്.

ഒരു സ്ത്രീ എന്നെക്കുറിച്ച് അവരുടെ അഭിപ്രായം രേഖപ്പെടുത്തി. ഇൻപ്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട രണ്ട് ഓഫീസർ ഇവിടെ വന്നിരുന്നു. അവർ പറയുന്നു. ഞങ്ങളുടെ എല്ലാ ഭയവും ദൂരീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഖലീഫ തന്റെ പ്രസംഗത്തിൽ ഞങ്ങളുടെ എല്ലാ ഭയപ്പാടുകളും അകറ്റുകയുണ്ടായി. മുസ്‌ലിംകൾ ഈ രീതിയിലുള്ള ചിന്താഗതിക്കാരായി മാറേണ്ടതാണ്. ഇസ്‌ലാമിന്റെ അധ്യാപനം ശാന്തി സമാധാനം സ്ഥാപിക്കുന്നതാണ്. സമൂഹത്തിൽ നിലനിന്നിരുന്ന ഭയം ഇല്ലാതായിരിക്കുന്നു.

ഹമ്പർഗിലെ ഒരു പ്രദേശത്തെ ഗവർമെന്റ് ഓഫീസുകളുടെ തലവൻ തന്റെ പത്നിയോടൊപ്പം വന്നിരുന്നു. അദ്ദേഹം പറയുന്നു, 'ഞങ്ങൾക്ക് അനുഭവപ്പെട്ടത് തേനീച്ച അവരുടെ റാണിയുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നതുപ്പോലെയാണ്. റാണിക്ക് വേണ്ടി തേനീച്ചകൾ തങ്ങളുടെ ജീവൻ പോലും നൽകുന്നു. ഇതേപ്പോലെ നിങ്ങളുടെ ജമാഅത്ത് നിങ്ങളുടെ ഖലീഫക്ക് ചുറ്റും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഖലീഫക്ക് വേണ്ടി തങ്ങളുടെ ജീവൻ നൽകുന്നു. പൂർണ്ണമായും അദ്ദേഹത്തെ അനുസരിക്കുന്നു.' ഈ കാഴ്ചകളും അന്യർ കാണുന്നുണ്ട്. നിങ്ങളുടെ ഖലീഫയും റാണിയെപ്പോലെയാണെന്നും എഴുതുന്നു. ജമാഅത്ത് ഖലീഫയെ ഏതു രീതിയിലാണ് ആദരിക്കുന്നതെന്നും എഴുതുന്നു.

അവിടെ പ്രസ്സ് എന്റ് മീഡിയയിലെ പ്രതിനിധികളും വന്നിരുന്നു. പ്രസംഗത്തിന് മുമ്പ് മറ്റ് പരിപാടികളൊന്നും ഉണ്ടായിരുന്നില്ല. അവർ അമീർ സാഹിബ് ജർമ്മനിയുടെ ഇന്റർവ്യൂ എടുക്കാനാണ് വന്നത്. എന്നേയും ഇന്റർവ്യൂ ചെയ്യണമെന്ന് അവർ പറഞ്ഞു. എന്നോട് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, ഈ പരിപാടി കഴിഞ്ഞതിനു ശേഷമാകാം. ഈ പരിപാടിക്ക് ശേഷം ഞാൻ അവരെ വിളിപ്പിക്കാൻ പറഞ്ഞപ്പോൾ അവർ പറഞ്ഞു, ഞങ്ങൾക്ക് ചോദിക്കാനുണ്ടായിരുന്ന കാര്യങ്ങളും ഞങ്ങളുടെ മനസ്സിലുണ്ടായിരുന്ന സംശയങ്ങളും എല്ലാം ഈ പ്രസംഗത്തിലൂടെ അകറ്റപ്പെടുകയുണ്ടായി. അതുകൊണ്ട് ഇനി ഇതിന്റെ ആവശ്യമില്ല. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് ഇവർ ഉന്നയിക്കുമ്പോൾ ഇസ്‌ലാം എന്താണെന്ന് അപ്പോഴാണ് അവർക്ക് മനസ്സിലാകുന്നത്.

ഇസ്‌ലാം ബോർഡിന്റെ ഒരു മെമ്പറും അവിടെ വന്നിരുന്നു. അറബിയാണ് ഇവർ. യൂണിവേഴ്സിറ്റിയിൽ ഇസ്‌ലാം റിസർച്ചിൽ പ്രവർത്തിക്കുകയാണ്. ജമാഅത്തിന് എതിരായിരുന്നു. ജമാഅത്തിന് എതിരിൽ മുമ്പ് സംസാരിക്കുകയും ചെയ്തിരുന്നു. കുറച്ച് കാലമായി അവരുടെ നിലപാട് മാറിയിട്ടുണ്ട്. നമ്മുടെ ഒരു മിസ്റി പ്രൊഫസർ അവിടെയുണ്ട്. ജമാഅത്തുമായി വളരെ അടുപ്പമുള്ള ആളാണ് അദ്ദേഹം. അദ്ദേഹം മുഖേന ഇവർക്ക് മാറ്റം വന്നതാകാം. അവർ പറഞ്ഞു: "ഞങ്ങളുടെ എല്ലാ സന്ദേഹങ്ങളും അകലുകയുണ്ടായി. താങ്കളുടെ ഖലീഫ സാധാരണ മനുഷ്യനല്ല. വലിയ നേതാവാണ്. ധിഷണാശാലിയാണ്. ഖലീഫയെ നടക്കുന്ന അവസ്ഥയിലും സംസാരിക്കുന്ന അവസ്ഥയിലും നമസ്കരിക്കുന്ന അവസ്ഥയിലും എല്ലാം ഞാൻ കണ്ടു. മുസ്‌ലിംകൾക്ക് ഇങ്ങനെ ഒരു ലീഡർ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കാറുണ്ട്. ആ ലീഡറെ എന്റെ ജീവിതത്തിൽ ഇന്ന് ഞാൻ കാണുകയുണ്ടായി."

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളാണിവ. ഇവർ ഇവിടെ ഇതെല്ലാം പറഞ്ഞിട്ടും നിന്ന സ്ഥലത്ത് തന്നെ നിൽക്കുകയാണ്. ജമാഅത്ത് സ്വീകരിക്കാൻ തയ്യാറാകുന്നില്ല.

ഹമ്പർഗ് നഗരത്തിലെ പ്രസിഡന്റ് ഓഫ് പോലീസ് ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. മുഴുവൻ സംസ്ഥാനത്തിന്റെയും ഉത്തരവാദിത്വം ഇദ്ദേഹത്തിനാണുണ്ടാവുക. അദ്ദേഹം പറയുന്നു, "ഇസ്‌ലാമിന്റെ ശാന്തിയുടെ സന്ദേശം പ്രഭാഷണത്തിൽ കേൾപ്പിക്കുന്നതനുസരിച്ച് നാമെല്ലാം പ്രവർത്തിക്കുകയാണെങ്കിൽ പിന്നെ പോലീസുകാരുടെ ആവശ്യം തന്നെ നിലനിൽക്കുന്നില്ല."

ഹമ്പർഗിലെ പരിപാടികൾക്ക് നല്ല കവറേജ് നിൽക്കുകയുണ്ടായി. ഹമ്പർഗ് ഹബൻ ഗ്ലാഡ് പത്രത്തിന്റെ വായനക്കാർ 557000 ആണ്. അവർ ഈ ന്യൂസ് പ്രസിദ്ധീകരിച്ചു. ബെൽഡട്ട് എന്ന പത്രം 721000 ആളുകളാണ് ഇതിന്റെ വായനക്കാർ. ബെൽഡ് കംപക്റ്റ് ഒരു ലക്ഷം സർക്കുലേഷനുള്ള പത്രം. എന്റിയാർ ആക്ചൽ 4 ലക്ഷം ആളുകൾ ഇത് വായിക്കുന്നു. വിവിധ പത്രങ്ങൾ ഹമ്പർഗ് പള്ളി ഉദ്ഘാടനത്തെക്കുറിച്ച് റിപ്പോർട്ട് നൽകുകയുണ്ടായി.

ഹിസ്സൻ സംസ്ഥാനത്തെ പാർലമെന്റിന്റെ പ്രതിപക്ഷ നേതാവും മുലക്കാത്തിന് വന്നിരുന്നു. ഇസ്‌ലാമിക ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, പ്രത്യേകിച്ച് അറബ് നാടുകളിൽ അതിനെ ഏതു രീതിയിലാണ് താങ്കൾ കാണുന്നത് എന്ന് എന്നോട് ചോദിച്ചു. കാരണം ഇത് ഇവിടെ വളരെയധികം ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇവിടെയുള്ളവർ അവരെ സഹായിക്കുന്നുണ്ട്. അതോടൊപ്പം അവിടെ നടക്കുന്നതിനെല്ലാം ഉത്തരവാദികളും ഇവരാണ്.

ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'അറബ് നാടുകളിലുള്ള ഇപ്പോഴത്തെ അവസ്ഥ ഒറ്റ രാത്രിക്കൊണ്ടുണ്ടായതല്ല. അതേ നേതാക്കൻമാർ തന്നെയായിരുന്നു പത്തിരുപത് വർഷം മുമ്പ് അറബ് നാടുകളിൽ ഉണ്ടായിരുന്നത്. അവരും ഇതേ ചിന്താഗതിക്കാരായിരുന്നു. എന്നാൽ വൻശക്തികൾ അന്ന് അത് ശ്രദ്ധിച്ചില്ല. അവരുടെ ലക്ഷ്യം തങ്ങളുടെ സ്വയം താത്പര്യ സംരക്ഷണമായിരുന്നു. അവിടെയുള്ള പ്രാദേശിക ജനങ്ങൾക്ക് ഇതിലേക്കൊന്നും ശ്രദ്ധയുണ്ടായിരുന്നില്ല. അവരെ ഇളക്കിവിടുന്നത് പുറം നാടുകളിലുള്ളവരാണ്. ഈ നേതൃത്വങ്ങൾ മുമ്പും അഴിമതിയിൽ മുങ്ങിക്കുളിച്ചവരായിരുന്നു. ഇവർ പൊതു ജനത്തോട് നല്ല രീതിയിലല്ല വർത്തിച്ചിരുന്നത്. എന്നാൽ പാശ്ചാത്യ ശക്തികൾ, ഈ നാടുകളിൽ സഹായം നൽകുന്ന ഏജൻസികൾ ഇവരുമായി ബന്ധപ്പെടുകയുണ്ടായി. വൻശക്തികൾ നേതാക്കളെ തങ്ങളുടെ സ്വാധീന വലയത്തിൽ വെച്ചപ്പോഴെല്ലാം നേതൃത്വം ഇവരുടെ കാര്യങ്ങൾ അംഗീകരിച്ചുകൊണ്ടിരുന്നു. അവിടെ ആ സമയത്ത് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. എന്നാൽ ആ നേതാക്കന്മാർ ഇവർക്ക് അനുയോജ്യമല്ലാതായിക്കഴിഞ്ഞപ്പോൾ, അവർ അവിടെ ഒരു വിപ്ലവം നടത്താൻ ശ്രമിച്ചു. അതിനാൽ പാശ്ചാത്യ നാടുകളിലുള്ളവർ ഈ നാടുകളിൽ ശാന്തി സ്ഥാപിക്കണമെന്ന് ആത്മാർത്ഥമായി അഗ്രഹിക്കുന്നുണ്ടെങ്കിൽ അവിടെ യഥാർത്ഥ ജനാധിപത്യം കൊണ്ടു വരിക. ഇപ്പോൾ നിങ്ങൾ ഇവിടെ ജനാധിപത്യം വേണമെന്നാണല്ലോ ഒച്ചപ്പാടുണ്ടാക്കുന്നത്. ഏതെങ്കിലും ഒരു വ്യക്തിയെ ഇഷ്ടപ്പെട്ടുകൊണ്ട് ഒരു ദീർഘകാലം വരെ അവരെ സഹായിച്ചുകൊണ്ടിരിക്കുന്ന നടപടി ആകരുത്. അങ്ങനെ ആ വ്യക്തി അതിരു കടക്കുകയും ഡിക്റ്റേറ്ററായി മാറുകയും ചെയ്താൽ അദ്ദേഹത്തിനെതിരിൽ നടപടി എടുക്കാൻ നിങ്ങൾ തയ്യാറാകുന്നു. ശരിക്കും ഡിക്റ്റേറ്റർ ഉണ്ടാക്കുന്നതും നിങ്ങളാണ്.

പുരോഗതിയുയുമായി ഏതൊരു ഉന്നത സ്ഥാനത്ത് ആ നാടുകൾ എത്തിക്കയിഞ്ഞിരിക്കുന്നോ അത് ഇഷ്ടപ്പെടാതെ വരുമ്പോൾ നിങ്ങൾ അതിനെ തകർത്ത് തരിപ്പണമാക്കിക്കളയുന്നു. അത് ഒരിക്കലും ശരിയായ നടപടിയല്ല. അതിനാൽ ഏതെല്ലാം നാട്ടിലാണോ കുഴപ്പമുള്ളത് അവിടെ നിങ്ങൾ സഹായം എത്തിക്കുകയും ജനാധിപത്യം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് സ്ഥാപിക്കുകയും ചെയ്യുക. പല കാര്യങ്ങളും ഇത് സംബന്ധമായി അവിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ചുരുക്കത്തിൽ ഇവ്വിധ കാര്യങ്ങൾ അവരോട് സംസാരിക്കാൻ സാധിച്ചു.

ജാമിഅ അഹ്മദിയ്യാ കെട്ടിടോത്ഘാടനവും അവിടെ നടന്നു. വർണൽ ആമണ് റെഡ് സ്റ്റേറ്റിലെ അമീറാണ്. ആ പ്രദേശത്താണ് ജാമിഅ ഉള്ളത്. അദ്ദേഹം പറയുന്നു, "ഖലീഫ പ്രസംഗിച്ചത് എഴുതിയ പ്രസംഗമായിരുന്നില്ല. അത് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ ശബ്ദമായിരുന്നു. വിദ്യാർത്ഥികളോട് അദ്ദേഹം പറഞ്ഞു, ഈ അധ്യാപനമനുസരിച്ച് സ്വയം പ്രവർത്തിക്കുകയും ജനസമക്ഷം ഉത്തമ മാതൃക കാണിക്കുകയും ചെയ്യുക. ഇത് വളരെ അത്യാവശ്യവും ഫലപ്രദവുമായ കാര്യമാണ്. ഒരു മതനേതാവ് ആയിരിക്കെ അദ്ദേഹം കർമ്മനിരതനായ മനുഷ്യൻ കൂടിയാണ്." ഇവിടെ ആയിരിക്കെ എന്ന് ഉപയോഗിച്ചതുകൊണ്ട് അദ്ദേഹം എന്താണ് അർത്ഥമാക്കുന്നത് എന്നെനിക്കറിയില്ല. മതനേതാക്കൾ പറയുന്നത് പ്രവർത്തിക്കാറില്ലെന്നാണോ ഉദ്ദേശ്യം.

വുൽഫ് വോൽത്തർ സാഹിബ് ജർമ്മൻ ഇസ്‌ലാം കോൺഫ്രൻസ് സിക്രട്ടറിയാണ്. അദ്ദേഹവും അവിടെ വന്നിരുന്നു. അദ്ദേഹം പറയുന്നു: ഖലീഫയുടെ നിർദ്ദേശങ്ങൾ വളരെ സുപ്രധാനമർഹിക്കുന്നതാണ്. അദ്ദേഹം കുട്ടികൾക്ക് നൽകിയ പാഠങ്ങളെ പരാമർശിച്ചുകൊണ്ട് പറയുന്നു, കുട്ടികൾ പൊതുസമൂഹം ജീവിക്കുന്നതിൽ നിന്നും വേറിട്ട വേഷവിധാനങ്ങളിലായിരിക്കും. അതുകൊണ്ട് മറ്റുള്ളവരുമായി സൗഹൃദത്തിൽ വർത്തിക്കുക. തുറന്ന ഹൃദയത്തോടെ മറ്റുള്ളവരുമായി ബന്ധപ്പെടുക. ഇതു മുഖേന ഭയം കുറക്കാനും വിദ്വേഷം അകറ്റാനും സാധിക്കുന്നതാണ്. പരസ്പരം സംസാരിക്കുന്നതിലൂടെയും ആശയവിനിമയം നടത്തുന്നതിലൂടെയും ഇതെല്ലാം സാധ്യമാകുന്നതാണ്. അതിനാൽ ഖലീഫയുടെ ഇതു സംബന്ധമായ നിർദ്ദേശങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

ഹാനക്ക് എന്ന ജർണലിസ്റ്റ് പറയുന്നു, 'എന്നെ സംബന്ധിച്ചിടത്തോളം ഈ പരിപാടി വളരെ മാന്യത പുലർത്തിയതായിരുന്നു. നല്ല അന്തരീക്ഷത്തിലാണ് ഇത് നടന്നത്. നിങ്ങളുടെ ആഗോള നേതാവിന്റെ പ്രഭാഷണം എന്റെ വീക്ഷണത്തിൽ ആശയ സമ്പുഷ്ടവും കാലത്തിന്റെ ആവശ്യവുമായിരുന്നു. ജീവൻ തുടിക്കുന്ന അദ്ദേഹത്തിന്റെ വാക്കുകൾ

വെറും അടിസ്ഥാന ധാർമ്മികതയുടെ പാഠത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അത് എന്നെ വളരെയധികം സ്വാധീനിച്ചു. പ്രാദേശികവാസികളുമായി വിദ്യാർത്ഥികൾ ബന്ധം വെച്ച് പുലർത്തേണ്ടതിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി.'

ജാമിഅ അഹ്മദിയ്യായുടെ ഉദ്ഘാടന ചടങ്ങുകളും പ്രിന്റ്, ഇലക്ട്രോണിക്ക് മീഡിയകൾ കവറേജ് ചെയ്തു. പത്തിൽ കൂടുതൽ വാർത്തകൾ വന്നിട്ടുണ്ട്. സംസ്ഥാന ടി.വി, റേഡിയോ എന്നിവയിലെല്ലാം വന്നിട്ടുണ്ട്.

പത്രങ്ങൾ എഴുതി, മിർസാ മസ്റൂർ അഹ്മദ് വിദ്യാർത്ഥികളുമായി സംസാരിച്ചു. ഇസ്‌ലാമിന്റെ മനോഹാരിതയെ ലോകസമക്ഷം സമർപ്പിക്കുന്നതിൽ അദ്ദേഹം ഊന്നൽ നൽകുകയുണ്ടായി. യുവാക്കളോട് പറഞ്ഞത്, നിങ്ങൾ സ്വയം ഒരാത്മപരിശോധന നടത്തുക. അദ്ധ്യാപനങ്ങളെ സ്വയം പ്രാവർത്തികമാക്കുക. മാനവ സമൂഹത്തോട് സത്സ്വഭാവത്തോടെ വർത്തിക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു നിർബന്ധ കടമ സമൂഹത്തിൽ സാഹോദര്യവും സമാധാനവും വ്യാപിക്കുക എന്നതാണ്.

മറ്റൊരു പത്രം എഴുതി, ഇസ്‌ലാമിലെ അഹ്മദിയ്യാ ജമാഅത്ത് ഭാവിയിൽ റെഡ്സ്റ്റേറ്റിൽ സമാധാനം സ്ഥാപിക്കുന്നതാണ്. അവിടെ എല്ലാമുണ്ടെന്നതിന്റെ ഒരു വിവരണം നൽകുകയും ചെയ്തു. ഇവരുടെ നേതാവ് മിർസാ മസ്റൂർ അഹ്മദ് ഭാവിയിലെ ഇമാമുകളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു, റെഡ്സ്റ്റേമിലും ഹെഡനിലും ഇസ്‌ലാമിനോടുള്ള ഭയം ഇല്ലാതെയാക്കണം. ഇസ്‌ലാം മറ്റു സമൂഹത്തോടും മതങ്ങളോടും ഒരിക്കലും യുദ്ധം പ്രഖ്യാപിക്കുന്നില്ല. ഇങ്ങനെ വിവിധ പത്രങ്ങളുടെ അഭിപ്രായം ഉണ്ട്.

അല്ലാഹു തആല ഈ പ്രോഗ്രാമുകളുടെ നല്ല ഫലങ്ങൾ ഉണ്ടാകുമാറാകട്ടെ. നമ്മുടെ ഓരോ കാൽവെപ്പും വിജയത്തിലേക്ക് നീങ്ങട്ടെ. നമ്മെ നന്ദി പ്രകടനത്തിലേക്കും തഖ്‌വയിലേക്കും മുന്നേറുന്നതാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "നിങ്ങളുടെ യഥാർത്ഥ കൃതജ്ഞതാ പ്രകടനം തഖ്‌വയും പരിശുദ്ധിയുമാണ്. മുസ്‌ലിമാണോ എന്ന് ചോദിച്ചവൻ اَلْحَمْدُ لِلّٰہ എന്ന് പറയുന്നത് യഥാർത്ഥ കൃതജ്ഞതയല്ല. യഥാർത്ഥത്തിലുള്ള ഭക്തിയുടെയും പരിശുദ്ധിയുടെയും മാർഗ്ഗം നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾ അതിർത്തികളിൽ കാവൽ നിൽക്കുന്നവരാണ്. നിങ്ങളെ ആർക്കും കീഴ്പ്പെടുത്താൻ കഴിയില്ലെന്ന് ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുന്നു."

പറയുന്നു: "തഖ്‌വയുടെ പ്രഭാവം മറ്റുള്ളവരിലും സ്വാധീനം ചെലുത്തുന്നു. അല്ലാഹു മുത്തഖീങ്ങളെ ഒരിക്കലും പാഴാക്കുകയില്ല. തഖ്‌വയുടെ മാർഗ്ഗത്തിൽ സുശക്തരായി നിലയുറപ്പിക്കുക. മുത്തഖിയുടെ സ്വാധീനം എന്തുതന്നെയായാലും ഉണ്ടാകുന്നതാണ്. അവരെക്കുറിച്ചുള്ള ഭയം എതിരാളികളുടെ മനസ്സിലും ഉണ്ടാകുന്നു.

അല്ലാഹു നമുക്കെല്ലാവർക്കും തഖ്‌വയിൽ ചരിച്ചുകൊണ്ട് അവരെ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനുള്ള തൗഫീഖ് നൽകട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 December 21 at : Baitul Futuh London
Translation: M.Nasar Ahmad,Kodiyathur - 09497343704

Typing: Nasarudheen & Tahir Ahmed
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**